റ്റി9/189479/2017/പി.എച്ച്.ക്യൂ
പോലീസ് ആസ്ഥാനം
തിരുവനന്തപുരം
തീയതി /02/2018

## എക്സിക്യൂട്ടീവ് ഡയറക്ടീവ് നം.05/2018

വിഷയം- ബഹു. മുഖ്യമന്ത്രിക്ക് നേരിട്ട് ലഭിക്കുന്ന പരാതികൾ-സി.എം.ഒ പോർട്ടൽ പരാതികൾ /ഇ മെയിൽ പരാതികൾ എന്നിവ അടിയന്തിരപ്രാധാന്യത്തോടെ തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച്
സൂചന -ഈ ഓഫീസിലെ E D No. 45/2017 തീയതി /12/2017

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തിരമായി പരിഹാരം കാണുന്നതിനായി സർക്കാർ 2016 ജൂൺ മാസം മുതൽ ആരംഭിച്ച സംരംഭമാണ് സി.എം.ഒ പോർട്ടൽ. ഈ സംവിധാനത്തിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ലഭിക്കുന്ന പരാതികളിന്മേൽ എത്രയും വേഗത്തിൽ തീർപ്പ് കൽപ്പിച്ച് ടി വിവരങ്ങൾ പരാതിക്കാരെ അറിയിക്കുക എന്ന ഉദ്ദേശമാണ് ഈ സംവിധാനത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്.

ഈ സംവിധാനത്തിലൂടെ പോലീസ് ആസ്ഥാനത്തു നിന്നോ/സി.എം.ഒ പോർട്ടൽ വഴിയോ/ ഇമെയിൽ വഴിയോ/നേരിട്ടോ സോണൽ എ.ഡി.ജി.പിമാർക്കോ, റേഞ്ച് ഐ.ജിമാർക്കോ, ജില്ലാ പോലീസ് മേധാവികൾക്കോ, മറ്റ് യൂണിറ്റ് മേധാവികൾക്കോ ലഭിക്കുന്ന പരാതികൾ അതീവ പ്രാധാന്യത്തോടെ സമയബന്ധിതമായി നടപടി സ്വീകരിച്ച് തീർപ്പ് കൽപ്പിക്കുന്നതിൽ കൃത്യമായ സമയക്രമം പാലിക്കേണ്ടതാണ്. ഇതിനായി പോലീസ് ആസ്ഥാനത്ത് നിന്നും സൂചന പ്രകാരം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്. കൂടാതെ ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ മേൽനടപടി സ്വീകരിക്കുമ്പോൾ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

1. പരാതികൾ തുടർനടപടികൾക്കായി അയച്ചുകിട്ടുന്ന അവസരത്തിൽ പരമാവധി രണ്ടാഴ്ച്ചക്കകം (സമയക്ലിപ്തത പ്രത്യേകം പറഞ്ഞിട്ടുണ്ടെങ്കിൽ അതിനനുസൃതമായി) പരിശോധന നടത്തി പരിഹാരം കാണേണ്ടതാണ്.
2. ബഹു മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും സെക്രട്ടറിയുടെയോ മറ്റോ കുറിപ്പ്/കത്ത് എന്നിവ സഹിതം ലഭിക്കുന്ന പരാതികൾ അതീവ